Rama Varmha Tampuran.—There might be such regulation elsewhere. We have not studied them.

Mr. K. M. Ibrahim.—Will the Government be pleased to consider the exemplary nature of the necessity for this Regulation as in Bombay and then enquire whether these funds have been utilised for the actual work for which it was intended?

Rama Varmha Tampuran.—Government will note the consideration made by the Hon'ble Member.

Water supply—Thiruvilwamala.

225. മിസ്റ്റർ ടി. കെ. നായർ—തിരുവില്വാമലയിൽ ജലക്ഷാമം നിവാരണാർത്ഥം കഴൽമാർഗ്ഗമായി വെള്ളം കൊണ്ടുവരേണ്ടതിനു് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇതിനെപ്പറ്റി വേണ്ടുന്ന ആലോചനകളും നടത്തിവരുന്നുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഈ ആലോചനകൾ എത്ര തരത്തിലായിട്ടുണ്ടു എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—അസിസ്റ്റൻറു് എഞ്ചിനീയർക്കു് അതിന്റെ എസ്റ്റിമേറു് തയ്യാറാക്കി അയയ്ക്കണമെന്നു കാണിച്ചു ഓർഡർ അയച്ചിട്ടുണ്ടു്. അതിൽ ഇതിലേയ്ക്കു് എന്തു ചിലവു വരുമെന്നും, വെള്ളം കിട്ടുവാൻ സൌകര്യമായ സ്ഥലം അന്വേഷിച്ചു റിപ്പോർട്ടു് അയയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ആ ഓർഡർ എന്നാണു് കൊടുത്തതു് എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഓർഡർ കൊടുത്തിട്ടു് അധികം ദിവസമായിട്ടില്ല. പത്തുപതിനഞ്ചു ദിവസത്തിനു മുമ്പാണു് കൊടുത്തതു്. അതിനു മുമ്പെതന്നെ പുഴയിലെ വെള്ളം അളന്നു റിപ്പോർട്ടു് അയയ്ക്കുവാൻ വേണ്ടി ഓർഡർ അയച്ചിട്ടുണ്ടു്.

ഡാക്ടർ എ. ജി മേനോൻ.—ഈ ഓർഡർ കൊടുത്തതു് ഈ ചോദ്യം വരുന്നതിനു മുമ്പോ, വന്നതിനു ശേഷമോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—അതിനു മുമ്പാണെന്നാണു് എന്റെ ഓർമ്മ.

ഡാക്ടർ എ. ജി മേനോൻ.—ഓർഡർ കൊടുത്തതു് പത്തുപതിനഞ്ചു ദിവസങ്ങൾക്കു മുമ്പാണെന്നു പറഞ്ഞു. ഈ ചോദ്യം വന്നിട്ടു് ഏകദേശം പതിനഞ്ചു ദിവസമേ ആയിരിയ്ക്കുകയുള്ളു. അതുകൊണ്ടാണു് അതിനു മുമ്പോ പിമ്പോ എന്നു ചോദിച്ചതു്.

Mr. M. D. Narayana Ayyar.—The Member wants to bring out that the action was taken at the instance of this question. It was not so.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ ആവലാതികൾ വന്നു തുടങ്ങീട്ട് എത്ര കാലമായി എന്നറിഞ്ഞാൽ കൊള്ളാം.—

Mr. M. D. Narayana Ayyar.—I want notice.

മിസ്റ്റർ ടി. കെ. നായർ.—ഈ ആലോചന അവസാന തീരുമാനത്തിലേയ്ക്കു വരുന്നതിനു് ഇനി എത്ര കൊല്ലം പിടിയ്ക്കുമെന്നു് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—വരുന്ന കൊല്ലത്തെ ബഡ്ജറിൽ ഇതിലേയ്ക്കുള്ള സംഖ്യ കൊള്ളിയ്ക്കാമെന്നാണു് വിചാരിയ്ക്കുന്നതു്.

Mr. P. Krishna Menon.—What is the necessity for a second enquiry when there has been a complete investigation and estimates prepared?

Mr. M. D. Narayana Ayyar.—There has not been a complete enquiry and there has not been an estimate prepared.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കഴിഞ്ഞ ആണ്ടു് കുംഭത്തിൽ ഈ വിഷയത്തെപ്പറ്റി ഒരു പ്രമേയം വലിയ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയതായി ഗവൺമെന്റിനു് ഓർമ്മ തോന്നുന്നുണ്ടോ?

Mr. M. D. Narayana Ayyar.—I don't know.

Widening of lanes—Ollur Village.

226. Mr. E. Ikkanda Warriar.—Will the Government be pleased to state whether there had been representations by the Ollur Panchayat to the Government about the necessity of widening the lanes between Sy. Nos. 815 and 823 and 813 and 808 in the Ollur Village;

if so, what action they have taken in the matter;

Mr. P. V. Raphael.—Yes.

The work has been noted for inclusion in the next year's budget.

Criminal Procedure Code—Amendment of.

227. Mr. K. G. Nayar.—Will the Government be pleased to state:—

(a) what progress has been made in the matter of amending the Code of Criminal Procedure;

(b) when do the Government propose to introduce a bill for such amendment?

Mr. K. Achyuta Menon.—(1) The draft bill is under preparation.

(b) The amendment Bill will be introduced at the last meeting of the Legislative Session of 1108.

LIBRARY ARCHIVES Kerala Legislative Assembly